# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## രാത്രിജപം-Night




### രാത്രിജപം - പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ. എന്റെ ഈശോ നാഥാ, ഇന്നേ ദിവസം എനിക്ക് നൽകിയ നിരവധിയായ അനുഗ്രഹങ്ങൾക്ക് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. എല്ലാ ആപത്തുകളിൽ നിന്നും അപകടങ്ങളിൽ നിന്നും എന്നെ കാത്തു പരിപാലിച്ച എന്റെ നല്ല ദൈവമേ ഞാൻ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

കാരുണ്യവാനായ ഈശോനാഥാ, എന്നേയും എന്റെ കുടുംബത്തേയും ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഈ രാത്രിയിൽ അങ്ങേ കൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുപരിപാലിക്കണമേ. പരിശുദ്ധ കന്യകാമറിയമേ അവിടുത്തെ വിമലഹൃദയത്തിന്റെ സംരക്ഷണം ഞങ്ങൾക്ക് നൽകണമേ. ഞങ്ങളുടെ കാവൽ മാലാഖമാരേ പരിശുദ്ധന്മാരേ എനിക്കും എന്റെ കുടുംബത്തിനും ഈ രാത്രിയിൽ സംരക്ഷണം നൽകണമേ. ഈശോ മറിയം യൗസേപ്പേ എന്റെ ആത്മാവിനെയും ഹൃദയത്തെയും നിങ്ങൾക്ക് ഞാൻ കാഴ്ചവയ്ക്കുന്നു.നല്ലൊരു പ്രഭാതം കണ്ടുകൊണ്ട് അങ്ങയിൽ ഉണരുവാൻ എന്നെ അനുഗ്രഹിക്കണമേ.

എന്റെ അമ്മേ എന്റെ ആശ്രയമേ
എനിക്കു വേണ്ടി പ്രാർത്ഥിക്കണമേ.
മറിയത്തിന്റെ വിമലഹൃദയമേ
ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

### തിരുവചനം

അങ്ങനെ നീ നിന്റെ വഴിയിൽ സുരക്ഷിതനായി നടക്കും; നിന്റെ കാലിടറുകയില്ല. നീ നിർഭയനായിരിക്കും;നിനക്കു സുഖനിദ്ര ലഭിക്കുകയും ചെയ്യും (സുഭാഷിതങ്ങൾ 3:23 - 24).

ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു, ഉണർന്നെഴുന്നേൽക്കുന്നു; എന്തെന്നാൽ, ഞാൻകർത്താവിന്റെ കരങ്ങളിലാണ്. (സങ്കീർത്തനങ്ങൾ 3:5).

ദൈവത്തോടു ചേർന്നുനിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും (യാക്കോബ് 4:8).

നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ, നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അദ്ഭുതങ്ങൾപ്രവർത്തിക്കും (ജോഷ്വാ 3:5).

+++